# വാക്കിന്റെ വേരോട്ടം

**അനുഭവങ്ങളുടെ അടിമണ്ണിൽ പരതിക്കിട്ടിയവയാണ് ശിവദാസിന്റെ മികച്ച കവിതകളിലേറെയും. അങ്ങനെ ചെയ്യുമ്പോഴാണ് ആണെഴുത്തോ പെണ്ണെഴുത്തോ ആകുന്നതിനു പകരം കവിത സൂക്ഷ്മവും രൂക്ഷവുമായ ഇരയെഴുത്തുകളാവുന്നത്.**

നിതാന്തമായ രാഷ്ട്രീയ ജാഗ്രതയുടെ ഉന്മിഷത്തായ ചുരുക്കെഴുത്തുകളാണ് ശിവദാസ് പുറമേരിയുടെ 'ചിലതരം വിരലുകൾ' എന്ന കാവ്യസമാഹാരത്തിലെ രചനകൾ. ഗദ്യത്തോടെന്നതിനേക്കാൾ പദ്യത്തോടാണ് ഈ കവി(ത)യുടെ സഹജമായ ചായ്‌വ്. തനിക്ക് അത്രമേൽ അനായാസമായി കൈവരുന്ന പദ്യസുതാര്യതയെ തടയുകയോ തളർത്തുകയോ ചെയ്യാറില്ല ശിവദാസ്. എങ്കിലും പലപ്പോഴും ഒന്നരപ്പുറത്തിൽ കവിയാറുമില്ല കവിയുടെ എഴുത്തൊഴുക്കുകൾ. കല്ലുപ്പിനെക്കുറിച്ച് കവിതയെഴുതുമ്പോഴും ചരിത്രമുഖരതയുടെ ഒരു നിശ്ശബ്ദസമുദ്രം അതിൽ ഇരമ്പിനിറയുന്നതു വായിച്ചറിയാം, ഈ കവിതകളിലൂടെ ഒരു വട്ടമെങ്കിലും സശ്രദ്ധം കടന്നുപോയിട്ടുള്ള ഒരാൾക്ക്.




ചിലതരം വിരലുകൾ
ശിവദാസ് പുറമേരി
സൈൻ ബുക്സ്, വില: 50 രൂപ

'അസ്തമിക്കാത്ത
സൂര്യന്റെ കാൽക്കീഴിൽ
ചോരവാറ്റിയ
കണ്ണീരുവറ്റിയ
കഥയുറങ്ങുന്നുണ്ട്
ഓരോ തരിയിലും' എന്ന് ശിവദാസ് എഴുതുമ്പോൾ ആ വരികളിൽ (വരികൾക്കിടയിലും) കവിതയുടെ ലാവണ്യം മാത്രം രുചിക്കുകയും ചരിത്രത്തിന്റെ ലവണം രുചിച്ചറിയാതിരിക്കുകയും ചെയ്യുന്നവർക്ക് നഷ്ടമാകുന്നത് വായനയുടെതന്നെ മികച്ച സാഫല്യമാണ്. ചിലപ്പോഴെല്ലാം മുത്തശ്ശിക്കഥകളുടെയും മൃഗകഥകളുടെയും ആധുനിക പുനരാഖ്യാനങ്ങളാണ് ശിവദാസ് പുറമേരിയുടെ കവിതകൾ. ആമയും മുയലും കൊക്കും മീനും കോഴിയും കുറുക്കനും മുതലയും കുരങ്ങച്ചാറുമൊക്കെയുൾപ്പെടുന്ന മനുഷ്യേതരകഥാപാത്രങ്ങളുടെ ഒരു ശൈശവഭാവനാഭൂമിക ഈ കവിതകളിൽ സജീവമാണ്. 'മൃഗമുഖം' എന്ന പേരിലും ഒരു കവിതയുണ്ട് ഈ സമാഹാരത്തിൽ; അവസാന വരികളിലെത്തുമ്പോൾ അയനസ്കോയുടെ 'കണ്ടാമൃഗം' എന്ന നാടകത്തിന്റെ ഓർമയുണർത്തുന്നത്. പഴയ പന്തയക്കഥയിലെ ആമ, ശിവദാസന്റെ കവിതയിലെത്തുമ്പോൾ സദാ ജാഗരൂകനും സാവധാനിയുമായ കവിയുടെതന്നെ ആത്മപ്രതിരൂപമായി മാറുന്നു. 'കോടതിയലക്ഷ്യം' എന്ന കവിതയിലെ സൂത്രശാലിയായ കുറുക്കനോട് കോഴി മൊഴിയുന്നതിങ്ങനെ:

'കോടതി-
പണ്ടേ നിന-
ക്കൊപ്പമാണല്ലോ
കാട്ടു-
നീതികൾ നടപ്പാക്കാൻ.'

വൈലോപ്പിള്ളിയുടെ 'തൃശൂരിലെ തിരുവാതിരകൾ' എന്ന കവിതയിലെ നാടൻ കുറുക്കനോടാണ് പുറമേരിയുടെ കുറുക്കന് ചാർച്ച. പുതുകഥ/വിതയിലെ മത്സ്യക്കുഞ്ഞ് കൊക്കിന്റെ പ്രബോധനത്തോട് ഇങ്ങനെ പ്രതികരിക്കുന്നു:

'കുളം
പഴഞ്ചൻ
സങ്കൽപ്പമാ-
ണഴുക്കാണടിത്തട്ടിൽ.
കൽച്ചുവരുകൾ തീർത്ത
ഇരുട്ടാണെങ്ങും;
പക്ഷേ
കാറ്റുകൊള്ളുവാൻ പോയ
പെരുമീൻ കഥയെല്ലാം
ഞങ്ങൾക്ക്
മുത്തശ്ശിമാർ
പറഞ്ഞുതന്നിട്ടുണ്ട്.
വെളിച്ചം തേടിത്തേടി
ഭൂമിക്ക് പുറത്തേക്ക്
ഗതികിട്ടാതെപോയ
വേരിന്റെ
കഥപോലെ'

ശിവദാസിന്റെ കവിതകളിലെ ചിരന്തനബിംബ (motif)മാണ് വേരുകൾ. ശിവദാസിന്റെ കവിത വെളിച്ചം തേടുന്നത് ഭൂമിക്ക് പുറത്തല്ല, മറിച്ച് മണ്ണിന്റെ അടിത്തട്ടിലാണ്:

'വേരുകളെന്നും മഹാ-
രഹസ്യം മരങ്ങൾക്ക്
മണ്ണിന്റെ നിറങ്ങളെ
വിണ്ണിലേക്കെഴുതുവാൻ
വിരൽ നീർത്തുക വീണ്ടും
ഭൂമിതന്നടിത്തട്ടിൽ'.

അനുഭവങ്ങളുടെ അടിമണ്ണിൽ പരതിക്കിട്ടിയവയാണ് ശിവദാസിന്റെ മികച്ച കവിതകളിലേറെയും. അങ്ങനെ ചെയ്യുമ്പോഴാണ് ആണെഴുത്തോ പെണ്ണെഴുത്തോ ആകുന്നതിനു പകരം കവിത സൂക്ഷ്മവും രൂക്ഷവുമായ ഇരയെഴുത്തുകളാവുന്നത്. മണ്ണിനോടും മനുഷ്യരോടും വേരുകളോടുമൊപ്പമാണ് ഈ കവി എപ്പോഴും (I lived among the roots' എന്ന് നെരൂദ) 'അടിവേര്' എന്ന കവിതയിൽ ഇലകളുടെ മൗഢ്യത്തെയും വേരുകളുടെ നിശ്ശബ്ദസഹനത്തെയുമാണ് ശിവദാസ് ഒരു മരത്തിന് മാത്രം സാധ്യമായ ബലിഷ്ഠ സന്തുലനത്തിലൂടെ ആവിഷ്കരിക്കുന്നത്.

വേരുകൾപോലെത്തന്നെ ശിവദാസ് പുറമേരിയുടെ മറ്റൊരു പ്രിയപ്രമേയമാണ് 'വിരലുകൾ'. ഒരു ഭ്രാന്തിമദലങ്കാരത്തിലെന്നപോല വേരുകളും വിരലുകളും പരസ്പരം മാറിപ്പോവാനിടയുണ്ട് ഈ കവിക്ക്. അങ്ങനെ അയാൾ അറ്റുവീണ തള്ളവിരലുകളുടെയും പെരുവിരലുകളുടെയും ഒരു മഹാ പ്രദർശനശാലയായി ചരിത്രത്തെ വായിക്കുന്നു. അക്കൂട്ടത്തിൽ ഏറ്റവും ഭഗ്നവും വായനക്കാരനെ ഒരാകസ്മികപ്രഹരത്താലെന്നപോലെ ഞെട്ടിച്ചുണർത്താൻ പര്യാപ്തവുമായ ഒന്ന്, 'ഈസ്റ്റിന്ത്യാപ്പാടത്ത്' മുറിഞ്ഞുവീണ വിരലുകളാണ്. അതൊരു ഇതിഹാസ പുരാവൃത്ത പരാമർശമൊന്നുമല്ല. ചരിത്രത്തിന്റെ നേർസാക്ഷ്യമാണ്.

'മുറിച്ച കാലുകൾ' എന്ന ശിവദാസിന്റെ കവിതയിൽ ഇത്തരം ചരിത്രപരാമർശങ്ങളില്ല; അതൊരു സ്വകാര്യാനുഭവകഥനമാണെന്ന് തോന്നും ആദ്യ വായനയിൽ. മുറിച്ചുമാറ്റിയ കാലിന്റെ സ്ഥാനത്ത് ഇപ്പോഴും ഒരു കാൽ തുടരുന്നുണ്ട് എന്ന തോന്നലിന് 'ഭൂതാവയവം' (phantom limb) എന്നാണ് വൈദ്യശാസ്ത്ര നിഘണ്ടു നിർദേശിക്കുന്ന പേര്.

'ഉച്ച മയക്കത്തിൽ
വിളിച്ചുണർത്താൻ വരും
മുമ്പേ നടന്നുപോയ
സ്വന്തം കാലൊച്ചകൾ'

'മുമ്പേ നടന്നുപോയ സ്വന്തം കാലൊച്ചക'ളുടെ 'ഭൂതപീഡ' അനുഭവിക്കുകയാണ് കവിതയിലെ, പേരും മേൽവിലാസവുമില്ലാത്ത, വക്താവ്. അത് മുമ്പേ മുറിച്ചുനീക്കിയ സ്വന്തം പ്രത്യയശാസ്ത്രബോധ്യങ്ങളുടെ ഭൂതാവയവം കൂടിയാവാം എന്നതിലാണ് കവിതയുടെ രാഷ്ട്രീയധ്വനിമൂല്യം. ഇങ്ങനെ നോവിച്ചുണർത്തുന്ന കവിതകൾ ഒന്നും രണ്ടുമല്ല, ഒട്ടനവധിയുണ്ട് ഈ സമാഹാരത്തിൽ. 'മരണവീടുകൾ', 'സുനന്ദയുടെ ഓർമകൾ', 'പ്രഷർകുക്കർ' 'കത്തുന്ന വയലിനോടൊപ്പം', 'പാപനാശിനി', പ്രണയഗീതങ്ങൾക്ക് ഒരടിക്കുറിപ്പ്' 'കുന്നുകാണാൻ പോയ കുട്ടികൾ' 'ചരിത്രത്തിൽ അഥവാ പുസ്തകമുറിയിൽ സംഭവിക്കുന്നത്' എന്നിങ്ങനെ. അയാളുടെ സംവേദനശേഷിയും മനുഷ്യത്വവും മരവിച്ചുകഴിഞ്ഞു എന്നതിന്റെ (ദുഃ)സ്സൂചനയാവാം ആ പ്രതികരണരാഹിത്യം.

'വീട്ടുകാരെല്ലാം
പടിയിറങ്ങിപ്പോയാൽ
ഒച്ചയുമനക്കവു-
മില്ലാത്ത മുറിക്കുള്ളിൽ
കഴുകിക്കമിഴ്ത്തിയ
പാത്രങ്ങൾക്കൊപ്പം
ഒക്കെയും മറന്നൊരു
കിടപ്പുണ്ടിവൾക്കെന്നും.'

'സുനന്ദയുടെ ഓർമകൾ' എന്ന കവിതയിൽ കവിത മാമ്പഴമാവുകയും മാമ്പഴം ജീവിതമാവുകയും കവിത വായിച്ച് മാമ്പഴച്ചുനയേറ്റ നീറ്റത്തോടെ വായനക്കാരൻ 'ജീവിതമല്ലോ കാവ്യം' എന്ന് തിരിച്ചറിയുകയും ചെയ്യുന്നു. ഈ കവിതക്ക് വൈലോപ്പിള്ളിയുടെ 'കന്നിക്കൊയ്ത്തി'ൽ ആവിഷ്കൃതമായിരിക്കുന്ന ഒരു സവിശേഷ ജീവിതസന്ധിയുമായി ഭാവസാമ്യമുണ്ട്.

'മാമ്പഴം മറന്നില്ല
പത്തിൽ നിർത്തിയോൾ പക്ഷേ
പാടിയില്ലൊന്നും പിന്നെ
ജീവിതമല്ലോ കാവ്യം'-

വൈലോപ്പിള്ളിയെ അത്രമാത്രം ആത്മസാൽക്കരിച്ച ഒരാൾക്കേ ഇങ്ങനെ എഴുതാനാവൂ; അഥവാ വൈലോപ്പിള്ളിയുടെ കാവ്യകടാക്ഷമുള്ള ഒരാൾക്ക്. 'മാമ്പഴ'വും 'കന്നിക്കൊയ്ത്തും' 'കുടിയൊഴിക്കലു'മൊക്കെ വിളഞ്ഞ മണ്ണിൽ നല്ല വേരോട്ടമുള്ള കവിതയാണ് ശിവദാസ് പുറമേരിയുടേതെന്ന് ആഹ്ലാദപൂർവം തിരിച്ചറിഞ്ഞ മുഹൂർത്തത്തിലാണ് ഈ ലേഖകൻ ഈ വരികളിൽ തെല്ലിട നിന്നുപോയത്.■